# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3854 | 27.06.2012 ൽ ഭാഗിക മറുപടി നല്കിയതിന്റെ സമ്പൂർണ്ണ മറുപടി

### വൈദ്യശാസ്ത്രരംഗത്തെ ഗവേഷണ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി

(എ) കേരളത്തിൽ വൈദ്യശാസ്ത്രരംഗത്ത് സർക്കാർ തലത്തിലും അല്ലാതെയും നിലവിൽ എത്ര ഗവേഷണ സ്ഥാപനങ്ങളാണുള്ളത്; അവ ഏതെല്ലാം; വിശദവിവരം നൽകുമോ;

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ വൈദ്യശാസ്ത്രരംഗത്ത് സർക്കാർ തലത്തിൽ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഗവേഷണങ്ങൾ നടക്കുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ഈ പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുന്നുണ്ട്. സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് (SBMR) എന്ന കമ്മിറ്റിയാണ് ഇത്തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ഈ ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുന്നത്. എല്ലാ മെഡിക്കൽ കോളേജുകളിലും ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ഗവേഷണത്തിന്റെ നൈതികത ഉറപ്പുവരുത്തുന്നതിലേയ്ക്കായി എത്തിക്കൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ INCLEM-USAID യുടെ സഹായത്തോടെ നടത്തിയിരുന്ന CERTC യിൽ ഗവേഷണ ബിരുദാനന്തര ബിരുദ കോഴ്സ് നടത്തിയിരുന്നു. ഇപ്പോൾ ഈ സഹായം മെഡിക്കൽ കോളേജിലെ CERTC യിൽ ലഭിക്കുന്നില്ല. ഇതു കൂടാതെ ICMR (Indian Council of Medical Research), State Board of Science and Technology എന്നീ സ്ഥാപനങ്ങളുടെ ഗവേഷണ പ്രോജക്ടുകളും മെഡിക്കൽ കോളേജുകളിൽ നടക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ പോഷകാഹാര ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| | ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ഗവൺമെന്റ് ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഡിസീസസ് എന്ന ഗവേഷണ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. |
| (ബി) ഇവയുടെ നടത്തിപ്പിനായി 2001 മുതൽ 2011 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത കാലയളവിൽ ആരോഗ്യരംഗത്ത് പ്രയോജനപ്പെടുന്ന എത്ര പുതിയ അറിവുകൾ ഇവിടെനിന്നും പുറത്തുവന്നിട്ടുണ്ടെന്ന് പറയാമോ; | (ബി) 2001 - 02 മുതൽ 2003 - 04 വരെ എസ്.ബി.എം.ആർ.ഇനത്തിൽ തുക ഒന്നും അനുവദിച്ചിട്ടില്ല. 2004 മുതൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു. |

| വർഷം | വകയിരുത്തിയത് (ലക്ഷം) | ചെലവാക്കിയത് (ലക്ഷം) |
|---|---|---|
| 2004-05 | 10 | - |
| 2005-06 | - | - |
| 2006-07 | 5 | - |
| 2007-08 | 5 | 5 |
| 2008-09 | 5 | 3.88 |
| 2009-10 | 5 | 4.55 |
| 2010-11 | 153 | 153 |
| 2011-12 | 160 | 160 |

2001-2002 വർഷം മുതൽ 2011 -12 വർഷം വരെ സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിലെ പോഷകാഹാര ഗവേഷണ കേന്ദ്രം ആകെ 63.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ കാലയളവിൽ താഴെ പറയുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

1. കേരളത്തിൽ പ്രീ- സ്കൂൾ കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരപ്രായക്കാർ എന്നിവരുടെ പോഷണ നിലവാരവും വിളർച്ചയുടെ തോതും തിട്ടപ്പെടുത്തുകയും പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

2. കേരളത്തിലെ ആദിവാസി ജനങ്ങൾക്കിടയിലുള്ള പോഷണ നിലവാരം, ആഹാരരീതി അവരുടെ ഇടയിലുള്ള ഗോയിറ്റർ നിരക്ക് എന്നിവ തിട്ടപ്പെടുത്തുകയും ആയത് അനുസരിച്ചുള്ള പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയുണ്ടായിട്ടുണ്ട്.
3. ആലപ്പുഴ ജില്ലയിലെ സ്കൂൾ കുട്ടികൾക്കിടയിലെ ഡെന്റൽ ഫ്ളൂറോസിസ് തോത് കണക്കാക്കി യിട്ടുണ്ട്. ആലപ്പുഴ ജില്ലയെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഫ്ളൂറോസിസ് എന്ന ദേശീയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. കേരളത്തിലെ ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർഎന്നീ ജില്ലകളിലെ സർക്കാർ ജീവനക്കാരുടെ ഇടയിൽ ഹൃദ്രോഗ കാരണമായിട്ടുള്ള ഘടകങ്ങളെക്കുറിച്ച് (cardiovascular risk factors) പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
5. മുകളിൽ പറഞ്ഞവയ്യായുള്ള സർവ്വേ ക്യാമ്പുകൾ, പഠനങ്ങൾ എന്നിവയോട നുബന്ധിച്ച് അവയിൽ പങ്കെടുത്ത എല്ലാവർക്കും പോഷകാഹാര ബോധവൽക്കരണ ക്ലാസ്സുകളും പോഷകാഹാരവുമായി ബന്ധപ്പെട്ട ലഘു ചിത്രപ്രദർശനവും നടത്തിയിട്ടുണ്ട്.
6. ഈ കാലയളവിൽ വിവിധ ജേർണലുകളിൽ പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ സെമിനാറുകൾ സംഘടിപ്പിക്കയും പ്രബന്ധങ്ങൾ അവതരിപ്പിക്കയും ഉണ്ടായിട്ടുണ്ട്.
7. ഇക്കഴിഞ്ഞ വർഷം (2011-2012) ഈ കേന്ദ്രം ആദിവാസി ജനങ്ങൾ, സർക്കാർ ജീവനക്കാർ, സ്കൂൾ കുട്ടികൾ എന്നിവർക്കിടയിൽ നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് ഗവേഷണ പ്രബന്ധങ്ങളായി ജേർണലുകളിൽ പ്രസിദ്ധീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു

| | | | |
|---|---|---|---|
| | | | വരുന്നു. ഈ കാലയളവിൽ ഭാരതീയ ചികിത്സാ വകുപ്പിന് ഗവേഷണ ആവശ്യങ്ങൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (സി) | വിദേശങ്ങളിൽ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വകാര്യ പ്രാക്ടീസിനെക്കാൾ കൂടുതൽ താല്പര്യം പുതിയ അറിവുകൾ നേടുന്നതിനാണ് എന്ന് അറിയാമോ; എങ്കിൽ വിദേശത്തുനിന്നു ലഭിക്കുന്ന പുതിയ അറിവുകൾ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ ? | (സി) | കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജ് അദ്ധ്യാപകർ കൂടുതൽ അറിവ് ആർജ്ജിക്കാൻ കോൺഫറൻസുകളിലും തുടർ വിദ്യാഭ്യാസ പരിപാടികളിലും (CME) പങ്കെടുക്കുന്നുണ്ട്. ഇതിനെല്ലാം അന്തർദേശീയ അദ്ധ്യാപകർ (International Faculties) പങ്കെടുക്കുന്നുണ്ട്. വിദേശത്തുനിന്നും ലഭിക്കുന്ന അറിവുകളും ഡോക്ടർമാർ പ്രയോജനപ്പെടുത്തുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ ERCL (ഇലക്ട്രോണിക് റിസർച്ച് ആന്റ് ലേർണിംഗ് സെന്റർ) ഇത്തരത്തിൽ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ